# ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്.

"ഭരണഭാഷ മാതൃഭാഷ."

ഏരൂർ എസ്റ്റേറ്റ്, ഭാരതീപുരം പി ഒ.

**സീനിയർ മാനേജരുടെ ഓഫീസ്.(R.O)**

***OP/RO/FR - 736*** ***13/05/2026***

## <u>ടെൻഡർ നോട്ടീസ്.</u>

ഓയിൽപാം ഇന്ത്യ ലിമിറ്റഡ്, പാം ഓയിൽ ഫാക്ടറിയിലെ മിൽവേസ്റ്റ് മറ്റ് കമ്പനിവക സാധനങ്ങൾ എന്നിവ വാഹനത്തിൽ കയറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഇറക്കുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുവേണ്ടി വാഹന ഉടമകളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു

### <u>വ്യവസ്ഥകൾ</u>

1, രാവിലെ 08.00 മണിമുതൽ വൈകുന്നേരം 05.00 മണിവരെ വാഹനം ഓടിക്കുന്നതിനുള്ള ഒരു ദിവസത്തെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

2, ഏരൂർ പാമോയിൽ മില്ലിൽ കരാർ ഉറപ്പിക്കുന്ന വ്യക്തി മിൽവേസ്റ്റ് വാഹനത്തിൽ കയറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഇറക്കുന്നതിനായി 12 ടണ്ണിന് മുകളിൽ കപ്പാസിറ്റിയുള്ള വാഹനം ലാഭ്യമാക്കേണ്ടതാണ്. വാഹനത്തിൻറെ നമ്പരും വിശദ വിവരങ്ങളും രജിസ്ട്രേഷൻ പെർമിറ്റ് ഇൻഷുറൻസ് സംബന്ധമായ പ്രമാണങ്ങളും ഓഫീസിൽ ഹാജരാക്കേണ്ടതുമാണ് കോൺട്രാക്ട് അവസാനിക്കുന്നതുവരെ ആവശ്യാനുസരണം യഥാസമയം വാഹനം വിട്ടുതരുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനായിരിക്കും

3, ക്വട്ടേഷനുകൾ **21-05-2026 വ്യാഴാഴ്ച** പകൽ 11.00 മണിക്ക് മുൻപായി ഏരൂർ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി ***5000*** രൂപ ഓഫീസിൽ അടച്ചതിൻറെ രസീത് അടക്കം ചെയ്തിരിക്കണം.

4, ലഭിച്ച ക്വട്ടേഷനുകൾ **21-05-2026 വ്യാഴാഴ്ച പകൽ 11.30 മണിക്ക്** ഏരൂർ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ വച്ച് സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതായിരിക്കും.

5, ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞാൽ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ, ചുവടെപറയുംവിധം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 500 രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെൻറ് വയ്ക്കേണ്ടതാണ്.

| | |
|---|---|
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10,000/- |

6, ആവശ്യാനുസരണം വാഹനങ്ങൾ യഥാസമയം വിട്ടുതരുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനായിരിക്കും.

7, ടെണ്ടറിലെ നിരക്ക് കൂടുതലാണെന്ന് കണ്ടാൽ, നെഗോസിയേഷൻ നടത്തുന്നതിന് ഓയിൽപാം ഇന്ത്യ ലിമിറ്റഡിന് അധികാരമുണ്ടായിരിക്കും.

8, കോൺട്രാക്ടർ യഥാസമയം ആവശ്യമുള്ള വാഹനങ്ങൾ വിട്ടുതരാതിരുന്നാൽ, മാനേജ്മെൻറ് മറ്റുവിധത്തിൽ വാഹനങ്ങൾ ക്രമീകരിക്കുന്നതും, തൻമൂലം സ്ഥാപനത്തിനുണ്ടാകുന്ന ബാധ്യത/നഷ്ടം കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

9, വാഹനത്തിന് ആവശ്യമായ സൈഡ് ബോഡി, ഇന്ധനം എന്നിവ വാഹന ഉടമകൾ കരുതിയിരിക്കണം.

10, ഏതൊരു ക്വട്ടേഷനും പ്രത്യേക കാരണം കൂടാതെ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും ഓയിൽപാം ഇന്ത്യ ലിമിറ്റഡിന് അധികാരം ഉണ്ടായിരിക്കും.

11, ടെൻഡർ കാലാവധി ***2026 ജൂൺ 01 മുതൽ 2027 മെയ് 31 വരെ*** ആയിരിക്കും.

12, വാഹനങ്ങൾ ഓടുന്ന സമയത്തിന് അനുപാതികമായിട്ടായിരിക്കും വാടക നിശ്ചയിക്കുന്നത്

കൂടുതൽ വിവരങ്ങൾക്ക് ഏരൂർ സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) ഓഫീസിൽ നിന്നുമോ എസ്റ്റേറ്റ് മാനേജർമാരുടെ ഓഫീസിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്

| | | |
|---|---|---|
| മാനേജർ I/C (പാം ഓയിൽ മിൽ) | : | 8086 663 704 |
| സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) | : | 9745 766 466 |

വിശ്വസ്ഥതയോടെ,

സീനിയർ മാനേജർ (എസ്റ്റേറ്റ്സ്)